കേരള സർക്കാർ

<u>സംഗ്രഹം</u>

പ്രദേശസ്വയംഭരണ വകുപ്പ് - ഭാരത അന്താരാഷ്ട്ര വ്യാപാര മേള 2016 ന്യൂഡൽഹി - മേളയിൽ പങ്കെടുക്കുന്നതിന് അനുമതിയും ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ നൽകുന്നതിന് യഥേഷ്ടാനുമതിയും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)2920/16/തസ്വഭവ** **തിരുവനന്തപുരം, തീയതി, 21.10.2016**

---

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 05.10.2016 ലെ ജി2-26034/2016 നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

2016 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിൽ നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ പങ്കെടുക്കുന്നതിന് അനുമതിയും ആയതിനാവശ്യമായ തുക ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ ലഭ്യമാക്കുന്നതിന് യഥേഷ്ടാനുമതിയും നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേളയിൽ പങ്കെടുക്കുന്നതിന് പഞ്ചായത്ത് വകുപ്പിന് അനുമതിയും ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും യഥേഷ്ടാനുമതിയും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 13,55,000/- ( പതിമൂന്ന് ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡി.സന്തോഷ്**

**ഡെപ്യൂട്ടി സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
3. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. പബ്ലിക് റിലേഷൻസ് വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ